# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 911 — 10/02/2016 -ൽ മറുപടിക്ക്

## ഉൾനാടൻ ജലഗതാഗത പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലഗതാഗത പദ്ധതിക്കായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ നിന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാന ഉൾനാടൻ ജലപാതയുടെ വിവിധ ഭാഗങ്ങളിലുള്ള പ്രവൃത്തികൾക്കായി നാളിതുവരെ 58.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഉൾനാടൻ ജലഗതാഗത പദ്ധതികൾക്കായി പുതുതായി കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന് വീഴ്ച വന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പുതിയ പദ്ധതികൾക്കായി കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ദേശീയ ജലപാതാ നിലവാരത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി കൊണ്ടിരിക്കുന്ന സംസ്ഥാന പാതയിൽ ഉൾപ്പെടുന്ന വടകര-മാഹി കനാലിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 50% കേന്ദ്ര ധനസഹായം അഭ്യർത്ഥിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ